# 54. കുടിനീർ പ്രശ്നം: കുഴൽക്കിണറുകൾ പരിഹാരമല്ല

കേരളത്തിൽ കുടിനീർക്ഷാമം അതിരൂക്ഷമായിത്തീർന്നിട്ടുള്ള ഒരു സന്ദർഭത്തിൽ ആണ് ഇതെഴുതുന്നത്. പല ജില്ലകളിലും ഒട്ടേറെ പ്രദേശങ്ങൾ വരൾച്ച ബാധിച്ചവയായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. കോഴിക്കോട് പട്ടണത്തിലെ ടാപ്പുകൾ തീർത്തും വരണ്ടിട്ട് ഏതാനും ദിവസങ്ങളായി. നഗരസഭയുടെ അനുവാദത്തിനു കാത്തുനില്ക്കാതെ ജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ കോഴിക്കോട് കോർപറേഷനിലെ കമ്മീഷണർക്ക് അടിയന്തിരാധികാരങ്ങൾ നൽകപ്പെട്ടുതന്നെ, നഗരത്തിൽ കുടിനീർപ്രശ്നം എത്രമാത്രം ഉഗ്രമായിക്കഴിഞ്ഞിട്ടുണ്ടെന്നതിനു തെളിവാണ്. മണ്ണിന്റെ മീതെ വെള്ളമില്ലെങ്കിൽ മണ്ണിനടിയിൽ ആഴത്തിലുണ്ടായിരിക്കാവുന്ന വെള്ളം എങ്ങനെയെങ്കിലും പുറത്തുകൊണ്ടുവരാനുള്ള വെമ്പലാണ് ഇപ്പോൾ സാർവത്രികമായി കാണുന്നത്. ഇനി പിൻ വിചാരമില്ലാതെ ഒട്ടേറെ പ്രദേശങ്ങളിൽ കുഴൽക്കിണറുകൾ കുഴിക്കപ്പെടുന്നു; കൂടുതൽ പ്രദേശങ്ങളിൽ കുഴൽക്കിണറുകൾ കുഴിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെടുകയുംചെയ്യുന്നു.

കുടിനീർപ്രശ്നം കേരളത്തിൽ പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥ മേധാവിത്വം ഇപ്പോൾ നിർദേശിക്കുന്ന പരിഹാരമാണ് കുഴൽക്കിണർ നിർമാണം. വൻതോതിലുള്ള അണക്കെട്ടുനിർമാണമായിരുന്നു ഉദ്യോഗസ്ഥമേധാവിത്തത്തിനു മുമ്പൊക്കെ പ്രിയമായിരുന്ന കുടിനീർ പ്രശ്നപരിഹാരമാർഗ്ഗം. അണക്കെട്ടുനിർമാണത്തിനു സാധ്യത കുറഞ്ഞതിനാലാണ് ഉദ്യോഗസ്ഥമേധാവികൾ ഇപ്പോൾ കുഴൽക്കിണർ നിർമാണത്തിൽ കൂടുതൽ തൽപരരായിട്ടുള്ളത്. രണ്ടിനും ധാരാളം പണച്ചെലവുണ്ട്. കോൺട്രാക്ടർമാരിലൂടെ നിർവ്വഹിക്കപ്പെടേണ്ടവയാണ് രണ്ടും. കോൺട്രാക്ടർമാർക്ക് യഥേഷ്ടം പണം കൊടുക്കാൻ രണ്ടിലും സാധ്യതയുണ്ട്. ഇങ്ങനെ നൽകപ്പെടുന്ന പണത്തിൽ ഒരു പങ്ക്, ഈ പണികൾ അനുവദിക്കാനും അവയുടെ മേൽനോട്ടം വഹിക്കാനും അവ വേണ്ട വിധത്തിൽ നിർവഹിക്കപ്പെട്ടതായി സാക്ഷ്യപ്പെടുത്താനും അധികാരമുള്ള ഉദ്യോഗസ്ഥന്മാർക്കിടയിൽ വിതരണംചെയ്യപ്പെടുന്നു. അതിനാൽ, ഈ ഉദ്യോഗസ്ഥന്മാരുടെ സുഖസമൃദ്ധി ഇത്തരം പണികളെ ആശ്രയിച്ചിരിക്കുന്നു. ഉദ്യോഗസ്ഥന്മാർക്കെന്നപോലെ രാഷ്ട്രീയക്കാർക്കുമുണ്ട് ഇത്തരം പണികളിൽ താത്പര്യം. രാഷ്ട്രീയക്കാരുടെ പ്രധാന വരുമാനമാർഗവും വൻകിട പൊതുമരാമത്തുപണികളാണ്; അവ നടത്തുന്ന കോൺട്രാക്ടർമാരാണ്. കോൺട്രാക്ടർമാരും ഉദ്യോഗസ്ഥന്മാരും രാഷ്ട്രീയക്കാരും ചേർന്ന ഒരു അവിശുദ്ധ മുക്കൂട്ട മുന്നണിയാണ് ഇന്നു നമ്മുടെ രാജ്യത്തിന്റെ ഭരണം നിർവ്വഹിക്കുന്നതും രാജ്യത്തിലെ സാധാരണക്കാരായ ജനങ്ങളെ പിഴിഞ്ഞ്, അവരുടെ മേദസ്സ് ഊററിയെടുത്ത്, അതു ഭക്ഷിച്ച് തടിച്ചു കൊഴുക്കുന്നതും. അടുത്ത കാലത്തായി കരിഞ്ചന്തക്കാർ, കള്ളക്കടത്തുകാർ, തെരുവുറൗഡികൾ മുതലായവർ ഉൾപ്പെട്ട കുററവാളി വിഭാഗംകൂടി ഈ മുന്നണിയിലെ നാലാമത്തെ ഘടകമെന്ന നിലയിൽ കൂടുതൽ ശക്തിയാർജിക്കുന്നതു നാം കാണുന്നുണ്ട്. സംഗതികൾ ഇന്നത്തെ നിലയിൽ തുടർന്നുപോയാൽ ഈ നാല്കൂട്ടുമുന്നണിയുടെ നിർദയമായ ചൂഷണത്തിൻകീഴിൽ ഈ രാജ്യത്തിലെ മര്യാദക്കാരായ സാധാരണ ജനങ്ങൾ ദീർഘകാലം കഷ്ടപ്പെടേണ്ടി വരുമെന്നാണു കരുതേണ്ടത്. അതിരിക്കട്ടെ.

പുഴകളിൽ വെള്ളം ഉണ്ടാകുമോ എന്ന് ആലോചിക്കാതെ ഒട്ടേറെ പണം ചെലവുചെയ്ത് അണക്കെട്ടുകളും കനാലുകളും നിർമിച്ചതുകൊണ്ട് പൊതുകടം വർധിച്ചു എന്നതല്ലാതെ രാജ്യത്തിലെ ജനങ്ങൾക്ക് എന്തു പ്രയോജനമുണ്ടായി എന്നു പരി

ശോധിക്കാൻ അധികം ആരും മിനക്കെടാറില്ല. കല്ലടയിലോ മലമ്പുഴയിലോ കാഞ്ഞിരപ്പുഴയിലോ മറേറതെങ്കിലും പദ്ധതിപ്രദേശത്തോ വേനല്ക്കാലത്ത് ഒരു സന്ദർശനം നടത്തുന്നതു മികച്ച ഒരു വിദ്യാഭ്യാസ അനുഭവമായിരിക്കും. ഈ പദ്ധതികൾക്കുവേണ്ടി എത്ര പണം ചെലവഴിച്ചുവെന്നും അവകൊണ്ട് ഓരോ ആണ്ടിലും എത്ര ആളുകൾക്ക്, ഏതു് അളവിൽ പ്രയോജനം ഉണ്ടാവുന്നു എന്നും വിശദമായി പഠിക്കുമ്പോഴേ, രാഷ്ട്രനിർമ്മാണത്തിൻെറ പേരിൽ എത്ര വലിയ ധൂർത്തും അഴിമതിയും ചിലപ്പോഴൊക്കെ പാതകവും ആണ് നാം നടത്തിപ്പോരുന്നതെന്നു മനസ്സിലാവുകയുള്ളു. 'സാമൂഹ്യമായ കണക്കുപരിശോധന' (സോഷ്യൽ ആഡിററ്) എന്നു വിളിക്കപ്പെടുന്നതു് ഇത്തരം പഠനങ്ങളാണ്. പൊതുമുതൽ ഉപയോഗിച്ചു നടത്തുന്ന ഓരോ പ്രവർത്തനത്തെയും സാമൂഹ്യമായ കണക്കു പരിശോധനക്കു വിധേയമാക്കേണ്ടതു്, ഭരണത്തെ സംശുദ്ധമാക്കുന്നതിനും ജനങ്ങൾക്കു നീതി ലഭ്യമാക്കുന്നതിനും അനുപേക്ഷണീയമാകുന്നു.

വെള്ളമുണ്ടാകാനിടയില്ലാത്ത പുഴകളിൽ അണക്കെട്ടുകൾ നിർമിക്കുന്നതു പോലെതന്നെ അസംബന്ധമാണ് ഭൂമിക്കടിയിൽ വെള്ളമുണ്ടോ എന്നു നോക്കാതെയും ഉള്ള വെള്ളം ഊററിയെടുത്താൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെ കണക്കിലെടുക്കാതെയും കുഴൽക്കിണറുകൾ കുഴിക്കുന്നതു്. വൻ ചെലവുള്ള ഈ മരാമത്തു പണികളെല്ലാം നടത്തുന്നതു് വിദേശങ്ങളിൽനിന്നോ കേന്ദ്രസർക്കാറിൽനിന്നോ കിട്ടുന്ന കടം ഉപയോഗിച്ചാണ്. പണികൾ നിഷ്പ്രയോജനങ്ങളായിപ്പോയാലും കടത്തിൻെറ മുതലും പലിശയും നാം തിരിച്ചടയ്ക്കുകതന്നെ വേണം. നമ്മളോ അല്ലെങ്കിൽ നമ്മുടെ മക്കളോ വിയർപ്പായും രക്തമായും ഈ കടം വീട്ടാൻ ബാധ്യസ്ഥരായിത്തീരും. ഈ സത്യം നാം മറക്കാതിരിക്കുക.

കോഴിക്കോട്ടെ ജലവിഭവ വികസന-മാനേജ്മെൻറ്-കേന്ദ്രത്തിൻെറ (സി. ഡബ്ല്യു. ആർ. ഡി. എം.) എക്സിക്യൂട്ടീവ് ഡയറക്ടർ ഡോക്ടർ പി. ബസക് തയ്യാറാക്കിയ ഒരു ലഘു പ്രബന്ധത്തിലേക്കു വായനക്കാരുടെ സവിശേഷ ശ്രദ്ധ ആകർഷിക്കുകയാണ് ഈ ലേഖനത്തിൻെറ ലക്ഷ്യം. ഈയിടെ തൃശ്ശൂരിൽ ചേർന്ന ഒരു സെമിനാറിൽ സമർപ്പിക്കപ്പെട്ട ഈ പ്രബന്ധത്തിൻെറ ചുരുക്കം പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു എങ്കിലും, ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധ അതിൽ പതിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല. പല തവണ വായിച്ചും ആഴത്തിൽ ചിന്തിച്ചും, ഉൾക്കൊള്ളേണ്ട, ജീവപ്രധാനങ്ങളായ, ഒട്ടേറെ അടിസ്ഥാനവസ്തുതകൾ ആ പ്രബന്ധത്തിലുണ്ട്.

കേരളീയർക്കു കുടിക്കാൻ മഴവെള്ളം മാത്രമേയുള്ളു എന്നു് ഡോ. ബസക് ഓർമപ്പെടുത്തുന്നു. പുഴകൾ, ശുദ്ധജലതടാകങ്ങൾ, ചിറകൾ, കുളങ്ങൾ മുതലായവയിലൂടെ 'ദൃശ്യജലവ്യൂഹ' രൂപത്തിലും, കിണറുകൾ, ഉറവുകൾ എന്നിവയിലൂടെ 'അദൃശ്യ ജലവ്യൂഹ' രൂപത്തിലും മഴവെള്ളം നമുക്കു് ഉപയോഗത്തിനു കിട്ടുന്നു. രണ്ടു രൂപത്തിലും ഇന്ത്യയിലെ മററു സ്റ്റേററുകളെ അപേക്ഷിച്ച് ദുർബലമാണ് കേരളത്തിലെ ജലവ്യൂഹം (ഹൈഡ്രോ സിസ്റ്റം) എന്നതത്രെ നാം ഇനിയും മനസ്സിലാക്കാത്ത ഒരു വസ്തുത.

കേരളത്തിലെ ജലവ്യൂഹം ദുർബലമായതിനു കാരണം ഇവിടത്തെ പ്രത്യേക ഭൂസ്ഥിതിയാകുന്നു. പശ്ചിമഘട്ടത്തിനും അറബിക്കടലിനും നടുക്ക് അറുനൂറു കിലോമീററോളം നീണ്ടുകിടക്കുന്ന കേരളത്തിൻെറ ശരാശരി വീതി എഴുപതു കിലോമീററർ മാത്രമാണ്. എഴുപതു കിലോമീറററിനകത്ത് ഭൂമി നാലായിരം മീററോളം കിഴക്കുനിന്നു പടിഞ്ഞാട്ട് ചെരിഞ്ഞുകിടക്കുന്നു. ചെരിവ് കുത്തനെ ആയതിനാൽ പെയ്ത്തുവെള്ളത്തിൻെറ ഭൂരിഭാഗവും മേൽമണ്ണിനെയുംകൊണ്ട് ഉടൻ ഒലിച്ചു കടലിൽ ചെന്നുചേരുന്നു. മണ്ണിനടിയിലേക്കുള്ള വെള്ളത്തിൻെറ കിനിഞ്ഞിറക്കം (റീ ചാർജിങ്) കേരളത്തിൽ വളരെ കുറവാണ്. മണ്ണിനടിയിലെ വെള്ളവും (അദൃശ്യ ജലവ്യൂഹം) കടലിലേക്ക് ഒലിച്ചുപോവുന്നുണ്ടെന്നതാണ് കേരള ഭൂമിയുടെ ചെരിവിൻെറ മറെറാരു ദുഷ്ഫലം. ഇതുനിമിത്തം കേരളത്തി

ലെ ദൃശ്യജലവ്യൂഹംപോലെ അദൃശ്യജലവ്യൂഹവും അസ്ഥിരവും ദുർബലവുമാണെന്ന് ഡോ. ബസക് പ്രസ്താവിക്കുന്നു.

ആണ്ടുതോറും മൂവായിരം മില്ലിമീററോളം മഴ കേരളത്തിൽ പെയ്യുന്നുണ്ട്. കാലവർഷക്കാലത്ത് രണ്ടോ മൂന്നോ മാസങ്ങളിലും തുലാവർഷക്കാലത്ത് മൂന്നോ നാലോ ആഴ്ചകളിലുമായി ഈ മഴയത്രയും പെയ്തുതീരുന്നു. ഇതുനിമിത്തം, കേരളത്തിൽ ഉള്ള നാല്പത്തിനാലു പുഴകളിൽ മഴക്കാലത്തു ധാരാളം ഒഴുക്കുണ്ടെങ്കിലും മററു കാലങ്ങളിൽ നീരൊഴുക്കു വളരെ കുറവാണ്. പല പുഴകളും നാലോ അഞ്ചോ മാസങ്ങളോളം തീരെ വരണ്ടുകിടക്കുന്നു. കേരളത്തിലെ ഏററവും വലിയ പുഴകളിലൊന്നായ ഭാരതപ്പുഴയിൽ വർഷകാലത്തുള്ളതിൻെറ എണ്ണൂറിലൊന്നു മാത്രമാണ് വേനൽക്കാലത്തെ നീരൊഴുക്ക്. തുലാവർഷം മോശമായാൽ പുഴകളിലും ശുദ്ധജല തടാകങ്ങളിലും ചിറകൾ, കുളങ്ങൾ മുതലായവയിലുമുള്ള ദൃശ്യജലവ്യൂഹം അത്യന്തം ദുർബലമായിത്തീരുമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല. കുടിക്കാൻ ഉപകരിക്കാത്ത വിധത്തിൽ, പല കാരണങ്ങളാലും, ദൃശ്യജലവ്യൂഹം മലിനമായിത്തീരുന്നു എന്ന വസ്തുത ഇതിനു പുറമേയാണ്.

ജലസേചനത്തിനും വൈദ്യുതി–ഉല്പാദനത്തിനുമായി നിർമിച്ച ഇരുപതിലേറെ അണക്കെട്ടുകൾ കേരളത്തിലുണ്ട്. വേനൽക്കാലത്ത് ഇവയിൽ വെള്ളം വളരെ കുറവാണ്. മലമ്പുഴ, നെയ്യാർ എന്നിവയൊഴികെ മററ് അണക്കെട്ടുകളിലെ വെള്ളം വലിയ തോതിൽ, കുടിനീർ ആയി ഉപയോഗിക്കപ്പെടുന്നുമില്ല.

പുഴകളിലെ വെള്ളം ഉപയോഗിച്ച് കേരളത്തിലെ ഏതാനും നഗരങ്ങളിലും ഗ്രാമങ്ങളിലും കുടിനീർവിതരണം നടത്തിവരുന്നുണ്ട്. ചില നഗരഭാഗങ്ങളിലും ഗ്രാമങ്ങളിലും കുഴൽക്കിണറുകളെ ആശ്രയിച്ചുള്ള കുടിനീർവിതരണവും നടക്കുന്നു. സർക്കാറിൻെറ മേൽനോട്ടത്തിൽ ഉള്ള ഈ പ്രവർത്തനങ്ങളുടെ ഫലം ലഭിക്കുന്നത്, സർക്കാറിൻെറതന്നെ കണക്കുകൾപ്രകാരം, ജനസംഖ്യയുടെ മുപ്പതു ശതമാനത്തിനു മാത്രമാണ്. ഒരു പ്രദേശത്ത് ഒരു ടാപ്പ് ഉണ്ടെങ്കിൽ അതിൻെറ പ്രയോജനം ആ പ്രദേശത്തുള്ള എല്ലാ ജനങ്ങൾക്കും ലഭിച്ചുകൊള്ളണമെന്നില്ല. അതിനാൽ, സർക്കാർ ആഭിമുഖ്യത്തിലുള്ള ജലവിതരണം പ്രയോജനപ്പെടുന്നത് കേരളീയരിൽ ഇരുപതു ശതമാനത്തിനു മാത്രമാണെന്നു കരുതുന്നതിൽ തെററില്ലെന്ന് ഡോ. ബസക് പറയുന്നു. സർക്കാർ വക ജലവിതരണത്തിൻെറ പ്രയോജനം ലഭിക്കുന്ന ഈ ഇരുപതു ശതമാനം ജനങ്ങളിൽ അധികം പേരും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ നഗരങ്ങളിൽ പാർക്കുന്നവരത്രെ.

ശേഷിച്ച എണ്പതു ശതമാനം കേരളീയരും ദാഹനിവൃത്തി വരുത്തിപ്പോരുന്നത് സ്വന്തം പുരയിടങ്ങളിലെ കിണറുകളിൽനിന്നു വെള്ളം കോരിയെടുത്താണ്.

കേരളത്തിൻെറ ഭൂപ്രദേശത്തെ, ഭൂസ്ഥിതി അനുസരിച്ച്, കടൽത്തീരം, ഇടനാട്, മലനാട് എന്നു മൂന്നായി വിഭജിക്കാറുണ്ടല്ലോ. ഒരു ചതുരശ്രകിലോമീററർ പ്രദേശത്ത്, കടൽത്തീരത്ത് ഇരുനൂറുമുതൽ മുന്നൂറുവരെയും, ഇടനാട്ടിൽ നൂറുമുതൽ ഇരുനൂറുവരെയും, മലനാട്ടിൽ അമ്പതുവരെയും സാധാരണ കിണറുകൾ കേരളത്തിൽ ഉള്ളതായി ഒരു ഔദ്യോഗികപഠനത്തിൽ കാണുകയുണ്ടായി. ഇത്രയധികം കിണറുകൾ ഇന്ത്യയിൽ വേറെ ഒരു സംസ്ഥാനത്തിലും ഇല്ല. ലോകത്തിൽത്തന്നെ ഏററവും അധികം കൂപസാന്ദ്രതയുള്ള പ്രദേശം കേരളമാണെന്ന് വിദഗ്ദ്ധർ പറയുന്നു. കുടിനീരിനെന്നപോലെ കാർഷികവിളകൾ നനയ്ക്കാനും എണ്പതു ശതമാനത്തോളം കേരളീയർ സാധാരണ കിണറുകളെ ആശ്രയിക്കുന്നു. 'അദ്വിതീയവും സാന്ദ്രവുമായ, നിലവിലുള്ള ഈ കിണർ–വ്യവസ്ഥയെ കണക്കിലെടുക്കാതെ ആവിഷ്കരിക്കുന്ന ഏതു ജലവിതരണ സംവിധാനവും കേരളത്തിൽ പരാജയപ്പെടും; മാത്രമല്ല, സംസ്ഥാനത്തിലെ വിഭവങ്ങളുടെ ഭീമമായ ദുർവ്യയംകൂടിയായിരിക്കും അത്'' എന്ന് ഡോക്ടർ ബസക് പ്രസ്താവിക്കുന്നതു പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

കേരളത്തിൽ ഭൂഗർഭത്തിൽനിന്ന് ഒരാണ്ടിൽ എത്ര വെള്ളം പുറത്തെടുക്കാം? ഇതു സംബന്ധിച്ച വിശ്വസനീയമായ സ്ഥിതിവിവരം ആരും ശേഖരിച്ചിട്ടില്ല. 'എണ്ണായിരം മില്യൺ ക്യൂബിക് മീററർ വെള്ളം കിട്ടുമെന്ന്, വാദത്തിനുവേണ്ടി സമ്മതിച്ചാൽത്തന്നെ, നാലായിരം മില്യൺ ക്യൂബിക് മീറററിൽ അധികം വെള്ളം പുറത്തെടുക്കുക സാദ്ധ്യമല്ല' എന്ന് ഡോ. ബസക് പറയുന്നു. കാരണം, അതിൽ കൂടുതൽ ഭൂഗർഭജലം പുറത്തെടുത്താൽ, കടലിനടിയിൽനിന്ന് ഉപ്പു നിറഞ്ഞ ഭൂഗർഭജലം കരയുടെ അടിയിലെ ജലസഞ്ചയത്തിൽ കലരും: പിന്നീട്, ആ ഉപ്പ് പോയിക്കിട്ടാൻ നൂററാണ്ടുകൾതന്നെ വേണ്ടിവരുകയുംചെയ്യും.

കേരളത്തിൽ മുപ്പതു ലക്ഷത്തോളം സാധാരണ കിണറുകൾ ഉണ്ടെന്നും, ഇവയിലൂടെ ആയിരത്തറുനൂററമ്പതു് മില്യൺ ക്യൂബിക് മീററർ വെള്ളം ഇപ്പോൾ ആണ്ടുതോറും പുറത്തെടുത്ത് ഉപയോഗിച്ചുവരുന്നുണ്ടെന്നും പല പഠനങ്ങളെ ആധാരമാക്കി ഡോ. ബസക് പ്രസ്താവിക്കുന്നു. കേരളത്തിലാകെ അഞ്ചു ലക്ഷം സാധാരണ കിണറുകളേ ഉള്ളു എന്ന സങ്കല്പം ആധാരമാക്കി, ആണ്ടുതോറും പുറത്തെടുക്കുന്ന ഭൂഗർഭജലത്തെപ്പററി കേരള ഗവണ്മെൻറ് തയ്യാറാക്കിയ കണക്കുകൾ തെററാണെന്ന് അദ്ദേഹം ഉറപ്പിച്ചുപറയുന്നു.

പഴയ സാധാരണ കിണറുകൾക്കു പുറമെ, ഏഴായിരത്തി എഴുനൂറോളം കുഴൽക്കിണറുകൾ (ബോർ വെൽ) സർക്കാർ കുഴിപ്പിച്ചിട്ടുമുണ്ട്. ഇവയിൽനിന്ന് ആണ്ടിൽ എൺപതു മില്യൺ ക്യൂബിക് മീററർ വെള്ളം പുറത്തെടുക്കുന്നു. അങ്ങനെ, ആണ്ടിൽ ആയിരത്തി എഴുനൂററി മുപ്പതു് മില്യൺ ക്യൂബിക് മീററർ ഭൂഗർഭജലം ഇപ്പോൾത്തന്നെ കേരളത്തിൽ പുറത്തെടുത്തുവരുന്നു. ഇതിനർത്ഥം, കേരളത്തിൽ ലഭ്യമായ ഭൂഗർഭജലത്തിൽ പകുതിയോളം ഇപ്പോൾ ഉപയോഗിക്കപ്പെട്ടുവരുന്നുണ്ടെന്നാണ്. ശാസ്ത്രീയപഠനങ്ങൾ നടത്താതെ ഇനിയും കൂടുതൽ കുഴൽക്കിണറുകൾ കുഴിച്ച് ഭൂഗർഭജലം പുറത്തെടുക്കുന്നതു് കേരളത്തിലെ ഭൂഗർഭ ജലവ്യവസ്ഥയെ തകരാറിലാക്കാനിടയുണ്ടെന്ന് ഡോക്ടർ ബസക് താക്കീതു നൽകുന്നു.

കേരളത്തിലെ കുടിനീർ ലഭ്യത വർദ്ധിപ്പിക്കാനുള്ള പദ്ധതികൾക്ക് അടിസ്ഥാനമായി ആറു തത്ത്വങ്ങൾ ഡോക്ടർ ബസക് നിർധാരണംചെയ്യുന്നു.

1. അണക്കെട്ടുകളുടെ ജലസംഭരണികളിലെ വെള്ളത്തെ നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ജലവിതരണ പദ്ധതികളുമായി ബന്ധപ്പെടുത്തുക.

2. വ്യക്തികളുടെ പുരയിടങ്ങളിലെ കിണറുകൾ നല്ലമട്ടിൽ നിലനിർത്തുക.

3. തോന്നിയേടത്തൊക്കെ കുഴൽക്കിണറുകൾ കുഴിക്കരുതു്. പ്രത്യേകിച്ചും തീരപ്രദേശത്തു്, ആവശ്യമായ നിയന്ത്രണങ്ങൾക്കു വിധേയമായേ ഭൂഗർഭജലം പുറത്തെടുക്കാവൂ.

4. ഇപ്പോൾ ഉപയോഗപ്പെടുത്താത്ത ഉറവുകൾ വ്യാപകമായി ഉപയോഗപ്പെടുത്തുക. പശ്ചിമഘട്ടത്തിൽ അവിടവിടെ ഇത്തരം 236 ഉറവുകൾ ഇതിനകം കാണപ്പെട്ടിട്ടുണ്ട്.

5. അണക്കെട്ടുകളുടെ ജലസംഭരണികൾ വററിപ്പോകാതിരിക്കാനായി അവയുടെ വൃഷ്ടിപ്രദേശത്തു ധാരാളം മരങ്ങൾ നട്ടുവളർത്തുക, ഉള്ള വനങ്ങൾ സംരക്ഷിക്കുക.

6. നെല്പാടങ്ങളും ചതുപ്പുനിലങ്ങളും സംരക്ഷിക്കുക. മഴവെള്ളം താഴേക്കു കിനിഞ്ഞിറങ്ങി ഭൂഗർഭജലമായി മാറാൻ ഇവ വളരെയധികം സഹായിക്കുന്നുണ്ട്.

ഭൂമിയുടെ അടിയിൽ അധികം ആഴത്തിൽ അല്ലാതെ സ്ഥിതിചെയ്യുന്ന ജലസഞ്ചയങ്ങൾ (അക്വിഫർ) ഉപയോഗപ്പെടുത്തുന്നതിന് ഏററവും നല്ല മാർഗം

പുരയിടങ്ങളിലെ സാധാരണ കിണറുകളാണ്. ഇടനാടിൽ ഇത്തരം ജലസഞ്ചയമാണ് സുലഭം എന്നതിനാൽ അവിടെ സാധാരണ കിണറുകൾ മാത്രമാണ് കുടിനീർ പ്രശ്നത്തിൻെറ പരിഹാരം. എന്നാൽ, പർവതപ്രദേശങ്ങളിൽ പാറകൾക്കടിയിൽ വളരെ ആഴത്തിൽ സ്ഥിതിചെയ്യുന്ന ജലസഞ്ചയം പുറത്തെടുക്കാൻ കുഴൽക്കിണറുകൾ നിർമിക്കാവുന്നതാണ് എന്ന് ഡോ. ബസക് പ്രസ്താവിക്കുന്നു. ഇടനാടിലും തീരപ്രദേശത്തും കുഴൽക്കിണറുകൾ കുഴിക്കുന്നതിൻെറ മുഖ്യ ദോഷഫലങ്ങൾ ഇവയാണ്:

1. പാലക്കാട്ടും മലപ്പുറം ജില്ലയുടെ ചില പ്രദേശങ്ങളിലും ചേർത്തലപ്രദേശത്തുമൊഴിച്ച് മററു സ്ഥലങ്ങളിൽ കുഴിക്കുന്ന കുഴൽക്കിണറുകളിൽ 70 ശതമാനത്തിൽനിന്നും ഉദ്ദേശിച്ചത്ര വെള്ളം കിട്ടുകയില്ല. പൊതുമുതൽ വെറുതെ നഷ്ടപ്പെടുത്താനേ ഇത്തരം കുഴൽക്കിണറുകൾ ഉപകരിക്കുകയുള്ളൂ.

2. ഒരു ചതുരശ്ര കിലോമീററർ സ്ഥലത്ത് നൂററമ്പതിലേറെ സാധാരണ കിണറുകളുള്ള ഇടനാടിലും തീരപ്രദേശത്തും ഒരു കുഴൽക്കിണർ കുഴിച്ചാൽ, ചുററുമുള്ള എത്രയോ സാധാരണ കിണറുകൾ വററിപ്പോകാൻ സാദ്ധ്യതയുണ്ട്. അതിനാൽ ഈ പ്രദേശങ്ങളിൽ കുഴൽക്കിണറുകൾ ദീർഘകാലാടിസ്ഥാനത്തിൽ കുടിനീർ പ്രശ്നത്തെ രൂക്ഷമാക്കുകയാണ് ചെയ്യുക.

3. തീരപ്രദേശത്ത് കുഴൽക്കിണർ കുഴിക്കുമ്പോൾ കടലിന്നടിയിലെ ഉപ്പുവെള്ളം കരയ്ക്കടിയിലെ ജലസഞ്ചയത്തിൽ കലരാനും ആ പ്രദേശത്താകെ ജനങ്ങൾക്ക് ഇപ്പോൾ കിട്ടിവരുന്ന കുടിവെള്ളംപോലും മുട്ടാനും സാധ്യതയുണ്ട്.

കാസർകോട് ജില്ലയിലെ ഹോസ്ബട്ട്മുതൽ തിരുവനന്തപുരം ജില്ലയിലെ പുതുക്കുറിച്ചിവരെ ഇരുപത്തഞ്ച് പ്രദേശങ്ങളിൽ കുഴൽക്കിണറുകൾ കുഴിച്ചതിൻെറ ഫലമായി ഭൂഗർഭജലത്തിൽ ഇതിനകം ഉപ്പു കലർന്നുകഴിഞ്ഞിട്ടുണ്ടെന്ന് തങ്ങളുടെ പഠനങ്ങൾ വ്യക്തമാക്കിയ വിവരം ഡോ. ബസക് എടുത്തുപറയുന്നുണ്ട്. ഹോസ്ബട്ട്, ബെൻഗ്രമഞ്ജേശ്വർ, കാസർകോട് കടപ്പുറം, ചിററാരി, ചെറുവത്തൂർ, മാടായി, അഴീക്കോട്, അലിയൂർ, കോഴിക്കോട് കോട്ടൂളിയിൽ അരയിടത്തുപാലം, ചാലിയം, കടലുണ്ടി നഗരം, ഓട്ടുപുറം ബീച്ച്, മുനമ്പം (1), പുറത്തൂർ, മരുതയൂർ, ചേററുവാ, തിരുനല്ലൂർ, മുട്ടിച്ചിറക്കടവ്, പുല്ലൂററ്, മുനമ്പം (2), ഞാറക്കൽ, അണ്ടിക്കടവ്, വടക്കേ ചെല്ലാനം, ശാർക്കര, പുതുക്കുറിച്ചി എന്നീ സ്ഥലങ്ങളിലാണ് കുഴൽക്കിണറുകൾമൂലം ഭൂഗർഭജലത്തിൽ ഉപ്പു കലർന്നതായി ഇതിനകം നിരീക്ഷിക്കപ്പെട്ടിട്ടുള്ളത്.

വെള്ളം ഒരു തരളവസ്തു ആകയാൽ ഏതെങ്കിലും ആധാരത്തിൽ മാത്രമേ അതിനെ സംരക്ഷിക്കാനൊക്കൂ. മണ്ണാണ് സംരക്ഷിക്കപ്പെടേണ്ട വെള്ളത്തിൻെറ ആധാരം. 'ജലസംരക്ഷണം' എന്നതിനർത്ഥം മണ്ണിൻെറ ഉപരിതലത്തിലും മണ്ണിന്നടിയിലും ജലത്തെ സംരക്ഷിക്കുക എന്നും അതിൽ മാലിന്യം കലരാതെ നോക്കുക എന്നുമാണ്. ജലസംരക്ഷണം ഒരേസമയം മണ്ണുസംരക്ഷണവും മലിനീകരണത്തിനെതിരായ പ്രവർത്തനവുമാകുന്നു. അതായത് ജലസംരക്ഷണം തികച്ചും പാരിസ്ഥിതികമായ ഒരു പ്രശ്നമാണ്. ഒരു എൻജിനീയറിങ് പ്രശ്നമല്ല. ഈ അടിസ്ഥാനവസ്തുത മനസ്സിലാക്കാതെ വേനലിൻെറ മൂർധന്യത്തിൽ കോൺട്രാക്ടർമാരെ ഉപയോഗപ്പെടുത്തി കുഴൽക്കിണർ കുഴിപ്പിച്ച് ജലപ്രശ്നം പരിഹരിച്ചു എന്നു വീമ്പിളക്കുന്ന രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥന്മാരും യഥാർത്ഥത്തിൽ നിർവഹിക്കുന്നത് ഖജനാവ് കാലിയാക്കുക എന്ന കൃത്യം മാത്രമാണ്. ഈ വസ്തുത ജനങ്ങൾ മനസ്സിലാക്കുകതന്നെ വേണം.

24 ഏപ്രിൽ, 1989